**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2012** **12-09-2023 - ൽ മറുപടിയ്ക്ക്**

**വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ/ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച നടപടികൾ **അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച നടപടികൾ**

സേഫ് കേരള പദ്ധതി പ്രകാരം 2018 വർഷത്തിൽ 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ അനുവദിക്കുകയും, നിലവിലുണ്ടായിരുന്ന 34 സ്ക്വാഡുകൾ ചേർത്ത് ആകെ 85 സ്ക്വാഡുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തി വരുന്നു. പ്രസ്തുത സ്ക്വാഡുകൾ വാഹന പരിശോധനയ്ക്കു പുറമേ റോഡു സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, റോഡ് അപകടങ്ങൾക്കു കാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൌൺസിൽ മുഖേന പരിഹാരം കാണൽ എന്നീ ചുമതലകൾ കൂടി നിറവേറ്റുന്നു.

പ്രസ്തുത വാഹന പരിശോധനകൾക്ക് പുറമേ, 2020 വർഷത്തിൽ 726 എ ഐ ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുകയും, ആയത് 2023 ജൂൺ മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രസ്തുത ക്യാമറകൾ മുഖേന കൂടുതലായി നിയമലംഘനങ്ങൾ കണ്ടെത്തുവാനും നടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നുണ്ട്. 2022 വർഷത്തെ അപേക്ഷിച്ച് അപകടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും മരണനിരക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.കൂടാതെ വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) മുൻവർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അപകടങ്ങളുടെ പഠനങ്ങൾ നടത്തി ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുകയും, അവ പരിഹരിക്കാനുള്ള തുടർനടപടികൾ റോഡ് ഓണിംഗ് ഏജൻസികൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ മുഖാന്തിരം നടത്തി വരികയുമാണ്.
2) കാൽനടയാത്രക്കാരുടെ സുരക്ഷ മുൻനിർത്തി നടപ്പാതകൾ നിർമ്മിക്കുക, നടപ്പാതയിലെ തടസ്സങ്ങൾ നീക്കുക, റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുക, സ്കൂൾ സോൺ പദ്ധതികൾ മുതലായവ നടപ്പിലാക്കിവരുന്നു.
3) റോഡപകടത്തിൽപ്പെടുന്നവരെ ഉടൻ ആശുപത്രിയിൽ എത്തിക്കാൻ ഉതകുന്ന വിധം ആംബുലൻസുകൾ അപകടമേഖലകൾ കേന്ദ്രീകരിച്ച് വിന്യസിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.
4) റോഡ് അപകടത്തിൽപ്പെട്ടവർക്ക് പ്രാഥമിക ശുശ്രൂഷ നൽകുന്നതിനും ഹൈവേ പ്രെട്രോളിംഗ് വാഹനങ്ങളിൽ ഡിഫൻഡർ ട്രോമ കിറ്റ് വാങ്ങുന്നതിനും റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് അനുവദിച്ചിട്ടുണ്ട്.
5) സുരക്ഷയ്ക്കായി ടേബിൾടോപ് പെഡസ്ട്രിയൻ ക്രോസിംഗ്, സീബ്ര ക്രോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽ ലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ്റെയിൽ മുതലായ റോഡ് സുരക്ഷാസൗകര്യങ്ങൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.
6) ഗുരുതരമായ റോഡ് അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി സംയുക്തമായി പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.
7) റേഡ് സുരക്ഷാ ഉറപ്പുരുത്താൻ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കേരള പദ്ധതി. സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡ് സുരക്ഷയ്ക്ക് ആവശ്യമായ എൻഫോഴ്സ്മെൻറ് ഘടകം ഉറപ്പ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.
8) മയക്കുമരുന്ന് ഉപയോഗിച്ചുള്ള ഡ്രൈവിംഗ് അപകടങ്ങൾ കുറയ്ക്കുന്നതിന് സുരക്ഷിതമായ കാമ്പസ് പദ്ധതി കലാലയങ്ങളെ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു.
9) പൊതുസ്ഥലങ്ങളിൽ ലഹരി വിരുദ്ധ ബോർഡുകൾ സ്ഥാപക്കുന്നതിനും ലഹരി ഉപയോഗം കണ്ടെത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി തുക വകയിരുത്തിയിട്ടുണ്ട്.
10) ഡ്രൈവിംഗ് ഇൻസ്ട്രക്ടേറ്റഴസിനും മറ്റ് ഡ്രൈവർമാർക്കുമായി ട്രാഫിക് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് മോട്ടോർ വാഹന വകുപ്പിന് തുക അനുവദിച്ചിട്ടുണ്ട്.
11) ശ്രീചിത്തിരതിരുനാൾ കോളേജിന്റ് ആഭിമുഖ്യത്തിൻ ആംബുലൻസ് ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർ,സ്കൂൾ അദ്ധ്യാപകർ തുടങ്ങിയവർക്ക് റോഡ് സുരക്ഷയെ ക്കുറിച്ചുള്ള പരിശീലനവും ബോധവൽക്കരണ പരിപാടിയും നടപ്പിലാക്കിവരുന്നു.

12) റോഡ് സുരക്ഷാ നടപടികളുടെ നിർവ്വഹണത്തിന്റെയും പൊതുജനങ്ങൾക്കിടയി ൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൻറെയും നോഡൽ

ഓഫീസറായി റോഡ് സുരക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
ആയതിന്റെ ഭാഗമായി എഫ്.എം.നെറ്റ് വർക്കിലൂടെയും റെയിൽവേസ്റ്റേഷനിൽ ജിംഗിളുകളിലൂടെയും കെ.എസ്.ആർ.റ്റി.സി. ബസുകളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു.

13) കുട്ടികൾക്ക് സുരക്ഷാ അവബോധം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി സംസ്ഥാനത്തെ അപ്പർ പ്രൈമറി തലം മുതൽ ഹയർസെക്കൻറി തലം വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളിലെ
വിദ്യാർത്ഥികൾക്ക് പരിശീലന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന തിനായി ഓരോ സ്കൂളിനും 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) വീതം അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

14) സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും, കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പ് വരുത്തുന്നതിനും വേണ്ടി നടപ്പാതകളും കൈവരികളും നിർമ്മിക്കൽ, ആവശ്യമായ സൈൻബോർഡുകൾ സ്ഥാപിക്കൽ, റോഡ് മാർക്കിംഗുകളും സീബ്രാക്രോസിംഗും നടപ്പിലാക്കൽ എന്നിവ ഉൾപ്പെടുന്ന പദ്ധതിയാണ്. സേഫ് സ്കൂൾ സോൺ ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തിരഞ്ഞെടുത്ത 50 സ്കൂളുകളിൽ ടി പദ്ധതി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന നടപ്പിലാക്കി വരുന്നു.

15) സംസ്ഥാനത്തെ റോഡ് അപകടങ്ങളിൽ പെടുന്നവരെ രക്ഷപെടുത്താൻ (Basic Life Support Ambulance അടിസ്ഥാന സൗകര്യമുള്ള ജീവൻരക്ഷ ആംബുലൻസു കൾ (Advanced Life Support Ambulance) ആധുനിക സൗകര്യമുള്ള ജീവൻ രക്ഷ ആംബുലൻസുകൾ ആക്കിമാറ്റുന്നതിനായി പദ്ധതി നടപ്പിലാക്കി വരുന്നു.

16) മണ്ഡല-മകരവിളക്ക് തീർത്ഥാടന ശബരിമല അപകടവിമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ചു കൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശബരിമല സേഫ് സോൺ.

17) സ്കൂൾ കാമ്പസിനകത്തും പുറത്തും സ്കൂൾ കുട്ടികൾ നേരിടുന്ന റോഡ് സുരക്ഷാ വെല്ലുവിളികൾ തിരിച്ചറിയുന്നതിനും സ്കൂൾ കുട്ടികളിൽ അപകടസാധ്യതയും അതിന്റെ തീവ്രതയും കുറയ്ക്കുന്നതിനുള്ള പരിഹാര നടപടികൾ നടപ്പിലാക്കുന്നതി നും നാറ്റ്പാക്കുമായി ചേർന്ന നടപ്പിലാക്കിയ പദ്ധതിയാണ് സേഫ് റോഡ് ടു സ്കൂൾ പരിശീലന സെഷനുകളിലൂടെയും ബോധവൽക്കരണ പരിപാടികളിലൂടെയും വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും റോഡ് സുരക്ഷാ വിദ്യാഭ്യാസം നൽകുക സ്കൂൾ സോണുകളിൽ സ് പീഡ് നിയന്ത്രണം, റോഡ് സുരക്ഷാ കർമ്മ പദ്ധതി നടപ്പിലാക്കൽ എന്നിവയാണ് പ്രോഗ്രാം വഴി നടപ്പിലാക്കിയത്.

18) Overhanging Cables നീക്കം ചെയ്യുന്നതിനും അതുവഴി സംഭവിക്കുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും വേണ്ടി റോഡ് സുരക്ഷാ ആക്റ്റ് - 2007 പ്രകാരം കർശനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.